# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

20/01/2014-ൽ
മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1190

## പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ച തസ്തികകൾ

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ : | | മറുപടി<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഈ അധ്യയന വർഷം പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ അധ്യാപക – അധ്യാപകേതര ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന ലഭ്യമായ അപേക്ഷകൾ പരിശോധിച്ചു വരുന്നു. |
| (സി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേതനം ലഭ്യമാക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | (സി) | കൊണ്ടോട്ടി, മങ്കട, താനൂർ എന്നീ ഗവൺമെന്റ് കോളേജുകളിലേക്ക് സാമ്പത്തികാധികാരത്തോടെ പ്രിൻസിപ്പാളിന്റെ ചുമതല, അഡീഷണൽ ചാർജ്ജായി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. മറ്റു കോളേജുകളിൽ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. മങ്കട ഗവൺമെന്റ് കോളേജിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ഓഫീസ് അറ്റന്റന്റ്, സാനിറ്ററി ക്ലീനർ, സ്വീപ്പർ എന്നീ തസ്തികകളിൽ കരാർ / ദിവസവേതന വ്യവസ്ഥയിൽ ആളെ നിയമിക്കാൻ അനുമതി നൽകുകയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ